പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 1876

10/03/2020 ൽ മറുപടി
നല്കേണ്ടത്.

## ഭക്ഷണ പദാർത്ഥങ്ങളിൽ ഹാനികരമായ രാസവസ്തുക്കൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷണ പദാർത്ഥങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിരിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) ഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപാദനം, സംഭരണം, വിതരണം, വിൽപന എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്. |
| (ബി) വെളിച്ചെണ്ണ, പാൽ തുടങ്ങിയ ഭക്ഷണ പദാർത്ഥങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്തതായി കണ്ടെത്തിയ നിരവധി ബ്രാന്റുകൾ നിരോധിച്ചതിനു ശേഷം അവ പേരു മാറ്റി വീണ്ടും വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) സംസ്ഥാനത്ത് നിരോധനം ഏർപ്പെടുത്തിയ ഭക്ഷ്യ ഉൽപന്നങ്ങൾ മറ്റൊരു ബ്രാൻഡിൽ വീണ്ടും വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നൽകിവരുന്ന ലൈസൻസ്/ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ബ്രാൻഡ് നെയിം കൂടി നിർബന്ധമാക്കിയിട്ടുണ്ട്.<br>നിരോധിച്ച ബ്രാൻഡുകൾ പേരുമാറ്റി വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) ഭക്ഷണ പദാർത്ഥങ്ങളിൽ മായവും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളും ചേർത്തതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഭക്ഷ്യ സുരക്ഷ വകുപ്പ് 2019-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകളിൽ ശിക്ഷാ നടപടി എടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (സി) ഭക്ഷണ പദാർത്ഥങ്ങളിൽ മായവും ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളും ചേർത്തതുമായി ബന്ധപ്പെട്ട് ഭക്ഷ്യസുരക്ഷാ വകുപ്പ് 2019-ൽ 540 അഡ്ജുഡിക്കേഷൻ കേസുകളും 256 പ്രോസിക്യൂഷൻ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>2019 ൽ 83 കേസുകളിൽ വിധിവരികയും 26,74,500 രൂപ പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ